(ഡി) ഇങ്ങനെ അദ്ധ്യയനം നഷ്ടപ്പെട്ട കുട്ടികളെ ഡിപ്പാർട്ടുമെന്റു സ്കൂളിൽ ഒരു സ്പെഷ്യൽ ടെസ്റ്റ് നടത്തിയെങ്കിലും അടുത്ത ഉയർന്ന ക്ലാസ്സിലേക്ക് പ്രമോഷൻ കൊടുക്കുവാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) സ്കൂളിലേക്ക് ചെല്ലേണ്ട സംഖ്യ ലഭിക്കാത്തതുകൊണ്ട് പ്രിൻസിപ്പൽ റ്റി. സി. കൊടുത്തില്ല.
(ഡി) ഓരോ അപേക്ഷയും അതിന്റെ മെരിറ്റു് അനുസരിച്ച് പരിഗണിക്കുന്നുണ്ട്.

UNSTARRED QUESTIONS AND ANSWERS

ശിപായിമാരുടെ തസ്തികയിലുള്ള ഒഴിവുകൾ

290. [1] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെക്രട്ടറിയേറ്റിൽ ഏതെങ്കിലും വകുപ്പിൽ ശിപായിമാരുടെ തസ്തിക ഒഴിവുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) അങ്ങനെ ഒഴിവുള്ള വേക്കൻസികളിൽ എന്തുകൊണ്ടാണ് നിയമനം നടത്താത്തത്;

(സി) ഉദ്യോഗനിയമനം ലഭിക്കുന്ന കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കുറവർ സമുദായത്തിൽപ്പെട്ടവരെ പി. എസ്. സി.-യിൽനിന്നും നിയമിക്കത്തക്കവണ്ണം വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശിപായിമാരുടെ തസ്തിക തൽക്കാലം ഒഴിവില്ല.
(ബി) 'എ' വിഭാഗത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.
(സി) ശിപായിമാരെ പി. എസ്. സി. മുഖാന്തരമാണ് നിയമിക്കുന്നത്. കുറവർ ഉൾപ്പെടെയുള്ള എല്ലാ പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്കും വേണ്ടി നിഷ്കർഷിച്ചിട്ടുള്ള പ്രാതിനിധ്യതത്വം ശരിക്കും പാലിച്ചുകൊണ്ടാണ് ഉദ്യോഗനിയമനത്തിനായിട്ടുള്ള തിരഞ്ഞെടുപ്പു പി. എസ്. സി. നടത്തുന്നത്. ഇക്കാര്യത്തിൽ കൂടുതലായി ഒന്നും ചെയ്യാനില്ല.

റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണജോലി

291. [7] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽപ്പെട്ട താവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണജോലി ടെൻഡർ പ്രകാരം നൽകിയതാണോ;

(ബി) ആണെങ്കിൽ ആർക്കെല്ലാമാണ് ജോലി നൽകിയിട്ടുള്ളത്;

(സി) സിമൻറ്, കമ്പായം, മണ്ണ് ഈ മൂന്നിനും ജോലിക്ക് വെവ്വേറെ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നോ;

(ഡി) മണ്ണിലോ, കമ്പായത്തിലോ, സിമൻറിലോ ഏതിലാണ് ജോലി തുടരേണ്ടതെന്നു് ടെൻഡർ ലഭിക്കുന്നതിനു മുൻപുതന്നെ തീരുമാനം എടുത്തിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly